പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1934 14.08.2017- ൽ മറുപടിയ്ക്ക്

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതി, കാൻസർ സുരക്ഷ, താലോലം, ശ്രുതി തരംഗം, സ്നേഹസ്പർശം, വയോമിത്രം പദ്ധതി, ഹംഗർഫ്രീ സിറ്റി പദ്ധതി, സ്നേഹ സാന്ത്വനം പദ്ധതി, സമാശ്വാസം പദ്ധതി, സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളിൽ വിതരണം ചെയ്ത തുക സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു.<br>**1) ആശ്വാസകിരണം പദ്ധതി**<br>2016-17 വർഷത്തിൽ ആശ്വാസകിരണം പദ്ധതിക്കായി 8270.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ഇതിനായി 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺമാസം വരെ 1.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**2) കാൻസർ സുരക്ഷ**<br>2016-17 സാമ്പത്തിക വർഷം 904 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പ വർഷം ഈ പദ്ധതിയ്ക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**3) താലോലം.**<br>2016-17 സാമ്പത്തികവർഷം 1051 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**4) ശ്രുതിതരംഗം**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു |

| | | | |
|---|---|---|---|
| | ഡിസെബിലിറ്റീസ്, കാരുണ്യം ഡോപ്പോസിറ്റ് സ്കീം, പ്രത്യാശ വിവാഹ ധനസഹായ പദ്ധതി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ; | | ശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 197.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ഇതിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ വരെ 16.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**5. <u>സ്നേഹസ്പർശം</u>**<br>2016-17 സാമ്പത്തിക വർഷം 256.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ജൂൺ വരെ 44.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**6. <u>വയോമിത്രം</u>.**<br>2016-17 സാമ്പത്തിക വർഷം 1097.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**7. <u>ഹംഗർ ഫ്രീ സിറ്റി</u>**<br>2016-17 സാമ്പത്തിക വർഷം 195.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**8. <u>സ്നേഹസാന്ത്വനം</u>**<br>2016-17 സാമ്പത്തിക വർഷം 1009.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ജൂൺവരെ 167.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**9. <u>സമാശ്വാസം</u>**<br>2016-17 സാമ്പത്തിക വർഷം 565 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**10. <u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്</u>**<br>ആധുനിക ആഡിററി വെർബൽ തെറാപ്പി ലാബിനായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന് 76,70,978/-രൂപ നൽകി. കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിന് 82,45,000/-രൂപയും നൽകിയിട്ടുണ്ട്. അംഗപരിമിതർക്കായുള്ള സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതമായ |

| | | | |
|---|---|---|---|
| | | | 3.57 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഡെപ്പോസിറ്റ് അഡ്വാൻസായി നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലെ കോട്ടത്ര സ്പെഷ്യാലിറ്റി ആശുപത്രിയിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് 19 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**11. <u>കാരുണ്യ ഡെപ്പോസിറ്റ് സ്കീം.</u>**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സഹായം നൽകിയിട്ടില്ല<br>**12. <u>പ്രത്യാശാ വിവാഹ ധനസഹായ പദ്ധതി.</u>**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സഹായം നൽകിയിട്ടില്ല |
| (ബി) | പ്രസ്തുത പദ്ധതികളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

### 1. ആശ്വാസകിരണം പദ്ധതി:

1) കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശത്ത് 22,375/-രൂപയും പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
2) മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള ശാരീരിക മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 100% അന്ധർ, പ്രായാധിക്യം കൊണ്ടും മറ്റു പല രോഗങ്ങളാൽ കിടപ്പിലായവർ എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.
3) മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാന പരിധി ബാധകമല്ല.
4) കുടുംബവരുമാനം തെളിയിക്കുന്നതിന് ബി.പി.എൽ, റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/ വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
5) അപേക്ഷയോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ/വയോമിത്രം/ എൻ.ആർ.എച്ച്.എം. ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
6) അപേക്ഷകൻ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
7) വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.
8) അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

### 2) കാൻസർ സുരക്ഷ:

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും

### 3) താലോലം:

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

4) **ശ്രുതിതരംഗം - കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി:**

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ധരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാമിഷൻ വെബ്സൈറ്റിലും ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും, സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്.

5) **സ്നേഹസ്പർശം:**

1) അവിവാഹിതാവസ്ഥയിൽ പലവിധ ചൂഷണങ്ങളിലൂടെ അമ്മമാരായവരും, നിലവിൽ കുട്ടികളുണ്ടായിരിക്കുന്നവരുമായിരിക്കണം.
2) നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
3) അപേക്ഷാഫോറം ബന്ധപ്പെട്ട സാമൂഹ്യനീതി ഓഫീസിൽ നിന്നും സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർ/ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്.
4) മറ്റ് പെൻഷനൊന്നും ലഭിക്കുന്ന വ്യക്തി ആയിരിക്കരുത്.

6) **വയോമിത്രം പദ്ധതി:**

65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസിലിംഗും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു..

1) കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
2) ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടു പോകുന്നതിനും, തിരിച്ച് കൊണ്ടുപോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.

7) **സ്നേഹസാന്ത്വനം പദ്ധതി:**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 4738 പേർക്ക് പ്രതിമാസം പെൻഷൻ നൽകുന്നു. ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ

കഴിയുന്നവരുമായവരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/-രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2200/-രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് 1200/-രൂപ വീതവും പ്രതിമാസ ധനസഹായം നൽകുന്നു.

8) **സമാശ്വാസം പദ്ധതി I :**

1. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നുവെന്ന് തെളിയിക്കുന്ന ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ദ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. ടി സർട്ടിഫിക്കറ്റിൽ ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.
3. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.
4. ആധാർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

9) **സമാശ്വാസം II** :

1) വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് വൃക്ക/കരൾ രോഗ വിദഗ്ദ്ധൻ നൽകുന്ന സർട്ടിഫിക്കറ്റ്.

2) വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന ഡിസ്ചാർജ്ജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3) കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.

10) **സമാശ്വാസം III :**

ഹീമോഫീലിയ രോഗിയാണെന്ന് ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിലെ/ ആലുവ ജില്ലാ ആശുപത്രിയിലെ/ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിസിൻ/പീഡിയാട്രിക്/ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ടി സർട്ടിഫിക്കറ്റിൽ വകുപ്പ് തലവനോ ആശുപത്രി സൂപ്രണ്ടോ മേലൊപ്പിട്ടിരിക്കേണ്ടതാണ്. നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് നൽകേണ്ടതാണ്. നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

11) **സമാശ്വാസം IV** :

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HbSS)ബാധിച്ചവരോ HbS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- (HbAS) Sickel cell trair cases ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

12) **പ്രത്യാശാ വിവാഹ ധനസഹായ പദ്ധതി :**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യാശാ വിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടില്ല. മാനദണ്ഡം ചുവടെ ചേർക്കുന്നു.

1. അപേക്ഷക 22 വയസ്സ് പൂർത്തിയായവരും സാമ്പത്തിക ബുദ്ധിമുട്ട് കാരണം കല്യാണം കഴിയാത്തവരും ആയിരിക്കണം.

2. കുടുംബ വാർഷിക വരുമാനം 60,000/- രൂപയിൽ കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷ പാസ്സാക്കുന്നതിന് വരുമാനത്തിനു പുറമേ അന്വേഷണ ഉദ്യോഗസ്ഥൻ നടത്തുന്ന സാമൂഹ്യ സാമ്പത്തിക വിശകലനം കൂടി പരിഗണിച്ച് മാത്രമേ പാസ്സാക്കുകയുള്ളൂ.

3. അന്ധരോ, വികലാംഗരോ, മറ്റു ശാരീരിക അവശതകളോ, മാരക രോഗമുള്ളവരോ ആയ രക്ഷിതാക്കളുടെ മക്കൾക്ക് മുൻഗണന നൽകുന്നതാണ്.

4. രക്ഷിതാക്കളും, 18 വയസ്സ് പൂർത്തിയായ സഹോദരൻമാരും ഇല്ലാത്ത പെൺകുട്ടികൾക്ക് മുൻഗണന നൽകുന്നതാണ്.

5. സ്ത്രീകൾ മാത്രം ഉള്ള കുടുംബത്തിലെ പെൺകുട്ടികൾക്ക് മുൻഗണന നൽകുന്നതാണ്.

6. അഞ്ചോ, അഞ്ച് സെന്റിൽ കുറഞ്ഞതോ ആയ സ്ഥലവും, 600 ചതുരശ്ര അടിയോ അതിൽ കുറവോ വിസ്തീർണ്ണമുള്ള വീടോ ഉള്ള രക്ഷിതാക്കളുടെ പെൺമക്കൾക്കും സ്വന്തമായി വീടില്ലാത്തവർക്കും മുൻഗണന നൽകുന്നതാണ്.

7. അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നത് മലബാർ ഗോൾഡിന്റെയും കേരള സാമൂഹ്യ സുരക്ഷാമിഷന്റെയും തുല്യപ്രതിനിധികളടങ്ങിയ കമ്മിറ്റി ആയിരിക്കും.

8. സ്ഥലത്തെ ഏതെങ്കിലും എം.പി./എം.എൽ.എ./ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ/ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ/ മുനിസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയർ/ മതസാമുദായിക സംഘടനകളുടെ ഭാരവാഹികൾ/ ആരാധനാലയങ്ങളുടെ ഭാരവാഹികളുടെയോ സാക്ഷ്യപ്പെടുത്തിയ അപേക്ഷയിലുള്ള ശുപാർശ കത്ത്.

9. സാധാരണ നിലയിൽ അപേക്ഷ കല്യാണത്തിന് 60 ദിവസം മുമ്പ് ലഭിച്ചിരിക്കണം. അടിയന്തിര ഘട്ടങ്ങളിൽ 30 ദിവസം മുമ്പ് ലഭിച്ച അപേക്ഷകളും പരിഗണിക്കുന്നതാണ്.

10. അപേക്ഷയോടൊപ്പം വിവാഹ ക്ഷണക്കത്തും സമർപ്പിക്കേണ്ടതാണ്.

11. പുനർവിവാഹമാണെങ്കിലും മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടെങ്കിൽ സാമ്പത്തിക സഹായം ലഭ്യമാകുന്നതാണ്.
12. തെരഞ്ഞെടുക്കപ്പെടുന്ന 2000 പേർക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതായിരിക്കും. (ടി തുക കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും തുല്യമായി വഹിക്കുന്നതാണ്).
13. തിരഞ്ഞെടുത്തവർക്ക് ധനസഹായ ഫണ്ട് വിവാഹത്തിന് മുമ്പ് വധുവിന്റെ പേരിൽ അക്കൗണ്ട് പേയി ചെക്കായി പൊതുപരിപാടികൾ സംഘടിപ്പിച്ചോ, നേരിട്ടോ നൽകുന്നതാണ്.
14. വിവാഹചടങ്ങിന് ശേഷമുള്ള അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
15. വിവാഹ ചടങ്ങിന് മുമ്പ് നൽകിയ അപേക്ഷകളിൽ അർഹത ഉണ്ട് എന്ന് തീരുമാനിക്കുകയും ധനസഹായം വിവാഹത്തിന് മുമ്പ് ഗുണഭോക്താവിന് ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ എത്തിക്കാൻ കഴിയാതെ വരികയും ചെയ്താൽ വിവാഹ ചടങ്ങിന് ശേഷവും തുക നൽകുന്നതാണ്.

13) **<u>ഹംഗർഫ്രീ സിറ്റി:</u>**

മിഷന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി. ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും മലപ്പുറം നഗരസഭയുടെ മേൽ നോട്ടത്തിൽ മലപ്പുറം ജില്ലാ ഹോമിയോ ആശുപത്രി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, അക്ഷയപാത്രം കോട്ടപ്പടി, മലപ്പുറം എന്നിവിടങ്ങളിലും കൊല്ലം നഗരസഭയുടെ മേൽ നോട്ടത്തിൽ കൊല്ലം ജില്ലാ ആശുപത്രി, വിക്ടോറിയ ആശുപത്രി എന്നിവിടങ്ങളിലുമുള്ള രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഉച്ച ഭക്ഷണം നൽകുന്നതാണ് ഈ പദ്ധതി.

14) **<u>കാരുണ്യ ഡെപ്പോസിറ്റ് സ്കീം.</u>**

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി 1 ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിനുശേഷം നിക്ഷേപിച്ച തുക തിരിച്ച് നൽകുകയും തുകയുടെ പലിശയും ടി തുകയ്ക്ക് തത്തുല്യമായി

സർക്കാർ വിഹിതമായ തുകയും കൂടി ചേർത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന് നൽകി പദ്ധതി നടപ്പിലാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**